**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 547** **11-07-2024 - ൽ മറുപടിയ്ക്ക്**

**കേരള സ്കൂൾ വിദ്യാഭ്യാസ കോൺഗ്രസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിജിൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ എം മുകേഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണത്തിന്റെ ഭാഗമായി നടന്ന പ്രഥമ കേരള സ്കൂൾ വിദ്യാഭ്യാസ കോൺഗ്രസിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | പ്രഥമ കേരള സ്കൂൾ വിദ്യാഭ്യാസ കോൺഗ്രസിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെക്കൊടുക്കുന്നു:<br>• ഉന്നതവിദ്യാഭ്യാസം, അധ്യാപക വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, ഗവേഷണ സ്ഥാപനങ്ങൾ, അനുബന്ധ സ്ഥാപനങ്ങൾ എന്നിങ്ങനെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ പരസ്പരം ബന്ധപ്പെടുത്തുക.<br>• പൊതുവിദ്യാഭ്യാസ മേഖലയിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ അവതരിപ്പിക്കുക.<br>• വിദ്യാഭ്യാസ നയരൂപീകരണ ത്തിന് സഹായകരമായ നിർദ്ദേശങ്ങൾ ക്രോഡീകരിക്കുക.<br>• പൊതുവിദ്യാഭ്യാസ വകുപ്പ് സ്കൂൾ വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കി വരുന്ന ഗുണപരമായ ഇടപെടലുകളെ സംബന്ധിച്ച് പ്രചാരണം നടത്തുക.<br>• അധ്യാപകരും ഗവേഷകരും വിദ്യാർത്ഥികളും വിദ്യാഭ്യാസ പ്രവർത്തകരും നടപ്പാക്കുന്ന നൂതന ആശയങ്ങളും പ്രവർത്തനങ്ങളും പങ്കുവയ്ക്കുക. |
| (ബി) | പ്രസ്തുത കോൺഗ്രസിൽ വിദ്യാഭ്യാസ മേഖലയ്ക്ക് ഭാവിയിൽ ഗുണകരമാകുന്ന തരത്തിൽ എന്തെല്ലാം പരിപാടികളാണ് നടന്നതെന്ന് അറിയിക്കാമോ; | (ബി) | **450 പ്രതിനിധികൾ പങ്കെടുത്ത കേരള സ്കൂൾ വിദ്യാഭ്യാസ കോൺഗ്രസിൽ താഴെ പറയുന്ന 9 സബ് തീമുകളിലായി 128 പേപ്പർ അവതരണങ്ങൾ നടന്നു.**<br>• **പ്രീസ്കൂൾ വിദ്യാഭ്യാസം**<br>• **സ്കൂൾ വിദ്യാഭ്യാസവും ലിംഗനീതിയും**<br>• **അധ്യാപക വിദ്യാഭ്യാസത്തിലെ കാഴ്ചപ്പാടുകൾ** |

| | | | |
|---|---|---|---|
| | | | <ul><li>**എല്ലാപേരെയും ഉൾക്കൊള്ളുന്ന സ്കൂൾ വിദ്യാഭ്യാസം**</li><li>**തൊഴിൽ ഉദ് ഗ്രഥിത വിദ്യാഭ്യാസം**</li><li>**ബോധന രീതികളിലെ നൂതന ആശയങ്ങൾ**</li><li>**സ്കൂൾ വിദ്യാഭ്യാസത്തിലെ സാങ്കേതിക ബോധനരീതി**</li><li>**പാഠ്യപദ്ധതിയുടെ ആസൂത്രണവും നടത്തിപ്പും.**</li><li>**മൂല്യനിർണ്ണയത്തിലെ നവീകരണം.**</li></ul>**കൂടാതെ അന്താരാഷ്ട്ര പ്രശസ്തരായ വിദ്യാഭ്യാസ വിദഗ്ധർ പങ്കെടുത്ത പ്ലീനറി സെഷനുകൾ, രാജസ്ഥാൻ, മഹാരാഷ്ട്ര, കേരളം എന്നീ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ മന്ത്രിമാർ പങ്കെടുത്ത വിദ്യാഭ്യാസ കോൺക്ലേവ്. വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികളുടെ ഡയറക്ടർമാർ പങ്കെടുത്ത ഓപ്പൺ ഫോറം എന്നിവയും പ്രഥമ കേരള സ്കൂൾ വിദ്യാഭ്യാസ കോൺഗ്രസിന്റെ ഭാഗമായി നടന്നു.** |
| (സി) | പ്രസ്തുത പരിപാടി വിജയകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് തുടർച്ചയായി നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുമോ? | (സി) | പങ്കാളിത്തം കൊണ്ടും സംഘാടനം കൊണ്ടും അവതരിപ്പിച്ച പേപ്പറുകളുടെ മികവ് കൊണ്ടും പ്രഥമ കേരള സ്കൂൾ വിദ്യാഭ്യാസ കോൺഗ്രസ് മികച്ചതായിരുന്നു. സംസ്ഥാനത്ത് ആദ്യമായിട്ടാണ് നയരൂപീകരണ വിദഗ്ധരും ഭരണകർത്താക്കളും ഗവേഷകരും അധ്യാപകരും വിദ്യാർത്ഥികളും വിദ്യാഭ്യാസ തല്പരരും ഒരു കുടക്കീഴിൽ പൊതുവിദ്യാഭ്യാസത്തിലെ കാലിക പ്രാധാന്യമുള്ള വിവിധ വിഷയങ്ങളെ അധികരിച്ച് ഗവേഷണോന്മുഖമായി പേപ്പറുകൾ അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്നത്. പൊതുവിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും ഗുണമേന്മാ വിദ്യാഭ്യാസത്തിനുതകുന്ന നൂതന അനുഭവങ്ങൾ പ്രദാനം ചെയ്യുവാൻ വിദ്യാഭ്യാസ കോൺഗ്രസ് സഹായിച്ചു എന്ന് നിസംശയം പറയാൻ സാധിക്കും. കേരള സ്കൂൾ വിദ്യാഭ്യാസ കോൺഗ്രസ് വാർഷികാടിസ്ഥാനത്തിൽ തുടർന്ന് നടത്താനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ